ഉത്തരം

(എ) സിവിൽസപ്ലൈസ് കോർപ്പറേഷൻതന്നെ അപ്രകാരം ഒരു തീരുമാനം എടുത്തിട്ടുണ്ട്.

(ബി) നിവേദനങ്ങൾ ലഭിച്ചിട്ടുണ്ട്.

(സി) കോർപ്പറേഷന് മൊത്തവ്യാപാരം ഏറ്റെടുക്കാൻ സാദ്ധ്യമല്ലാത്ത സാഹചര്യത്തിലാണ് ഈ തീരുമാനമെടുത്തത്.

1986 ഏപ്രിൽ മുതൽ വിതരണംചെയ്ത അരി

572 [778] ശ്രീ. കെ. പി. എ. മജീദ് :

,, കൊരമ്പയിൽ അഹമ്മദ് ഹാജി :

,, പി. എം. അബൂബക്കർ :

,, പി. വി. മുഹമ്മദ് : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ഭക്ഷ്യവും സിവിൽസപ്ലൈസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) 1986 ഏപ്രിൽ മുതൽ ഓരോ മാസവും വിതരണംചെയ്ത റേഷനരിയുടെ അളവെത്ര ;

(ബി) ഇപ്പോഴത്തെ റേഷൻഷോപ്പുകൾ വഴി വിതരണംചെയ്യുന്ന റേഷൻ അരിയുടെ തോതെത്ര ;

(സി) റേഷൻ അരിക്ക് പുറമേ നിയന്ത്രിത വിലയ്ക്ക് അരിവിതരണം ചെയ്യുന്നുണ്ടോ ;

(ഡി) ഉണ്ടെങ്കിൽ എത്ര ?

ഉത്തരം

(എ) 1986 ഏപ്രിൽ മുതൽ ഓരോ മാസവും വിതരണംചെയ്ത റേഷനരിയുടെ അളവ് താഴെ കൊടുക്കുന്നു :

ഏപ്രിൽ	1,24,023 ടൺ
മേയ്	1,23,109 ,,
ജൂൺ	1,43,010 ,,
ജൂലായ്	1,47,854 ,,

ആഗസ്റ്റ്, സെപ്റ്റംബർ മാസങ്ങളിൽ വിതരണംചെയ്ത അരിയുടെ കണക്ക് ഫുഡ് കോർപ്പറേഷനിൽനിന്നും ലഭിച്ചിട്ടില്ല.

(ബി) ഇപ്പോഴത്തെ ദിവസംപ്രതി പ്രായപൂർത്തിയായ ഒരാളിന് 220 ഗ്രാമും പ്രായപൂർത്തിയാകാത്ത ആളിന് 110 ഗ്രാമും വീതമാണ് റേഷൻ അരിയുടെ തോത്.

(സി) സാധാരണ റേഷനു പുറമേ നിയന്ത്രിത വിലയ്ക്ക് കാർഡ് ഒന്നിന് ഓരോ ആഴ്ചയിലും അധികമായി കൊടുക്കുന്ന അരിയുടെ വിവരം ചുവടെ ചേർക്കുന്നു.

(ഡി) 6-7-1986 മുതൽ 9-8-1986 വരെ ഒരു കിലോവീതം. 10-8-1986 മുതൽ 16-8-1986 വരെ രണ്ടുകിലോ വീതം. 17-8-1986 മുതൽ 6-9-1986 വരെ ഒരു കിലോവീതം. 7-9-1986 മുതൽ 20-9-1986-നകമുള്ള ഏതെങ്കിലും ഒരാഴ്ചയിൽ കാർഡൊന്നിന് 5 കിലോവീതം. 23-9-1986 മുതൽ തുടർച്ചയായി ആഴ്ചയിൽ ഒരു കിലോവീതം.

LIBRARY ARCHIVES Kerala Legislative Assembly